"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ഇടുക്കി ജില്ലയിൽ കാമാക്ഷി കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനത്തിലിരിക്കെ നിര്യാതയായ എൻ.ഓമനയുടെ മകളായ *കുമാരി അദിതി രമ്യ്ക്ക്* കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇ.ബി.) വകുപ്പ്

സ.ഉ.(കൈ) നം.74/2026/AGRI    തീയതി,തിരുവനന്തപുരം, 03-10-2026

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ(പി) നം. 12/99/ഉപഭവ ഉത്തരവ്
2. കുമാരി അദിതി രമയുടെ 28.07.2021 തീയതിയിലെ അപേക്ഷ
3. ഇടുക്കി ജില്ല കളക്ടറുടെ 01.03.2023 തീയതിയിലെ DCIDK/82/2023-A8 നമ്പർ കത്ത്
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22.03.2023 തീയതിയിലെ ADFW/5397/2022-SA4 നമ്പർ കത്ത്.
5. 14.07.2023-ലെ സ.ഉ(പി) നം. 12/2023 പി&എ.ആർ.ഡി ഉത്തരവ്
6. 09.11.2023-ലെ സ.ഉ(കൈ) നം. 21/2023/പി&എ.ആർ.ഡി ഉത്തരവ്
7. 29.03.2025-ലെ സ.ഉ(അച്ചടി) 4/2025/പി&എ.ആർ.ഡി ഉത്തരവ്
8. സ.ഉ (കൈ) നം. 48/2023/കൃഷി തീയതി 27.05.2023 ഉത്തരവ്
9. പൊതുഭരണ സർവീസസ് (ഡി) വകുപ്പിന്റെ 29.06.2026-ലെ എസ്.ഡി2/175/2026-ജി.എ.ഡി നമ്പർ അനൗദ്യോഗിക കുറിപ്പ്
10. 03.07.2026 തീയതിയിലെ അഗ്രി-ഇബി3/64/2023-അഗ്രി നമ്പർ അനൗദ്യോഗിക കുറിപ്പ്
11. പൊതുഭരണ സർവ്വീസസ് -ഡി വകുപ്പിന്റെ 23.07.2026-ലെ എസ്.ഡി.2/175/2026-ജി.എ.ഡി. നമ്പർ കത്ത്.

ഉത്തരവ്

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഇടുക്കി ജില്ലയിൽ കാമാക്ഷി കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 22.07.2012 -ൽ നിര്യാതയായ ശ്രീമതി.എൻ.ഓമനയുടെ മകളായ കുമാരി അദിതി രമ്യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രിക്കൾച്ചർ

അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ , പരാമർശം (3), (4) കത്തുകൾ പ്രകാരം യഥാക്രമം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറും ഇടുക്കി ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

2. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷക പരേതയുടെ അവകാശിയാണെന്ന് ഇടുക്കി തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതയുടെ കുടുംബ വാർഷിക വരുമാനം 84,000/-രൂപയാണെന്ന് ഇടുക്കി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരേതയുടെ നിയമപരമായ എല്ലാ അവകാശികളും അപേക്ഷകയ്ക്ക് അനുകൂലമായി അവകാശമൊഴിഞ്ഞു കൊടുത്തിട്ടുള്ളതും ആശ്രിത നിയമനം നല്കുന്നതിൽ എതിർപ്പില്ലായെന്ന് സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. അപേക്ഷക സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. 28.01.2002-ൽ ജനിച്ച കുമാരി അദിതി രമ വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷ പാസ്സായിട്ടുണ്ട്. ടിയാൾ പരാമർശം (1) പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിക്കകം ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. തുടർന്ന് കാമാക്ഷി കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 22.07.2012 -ൽ നിര്യാതയായ ശ്രീമതി.എൻ.ഓമനയുടെ മകൾ *കുമാരി അദിതി രമയ്ക്ക്* കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള ഇടുക്കി ജില്ലയിൽ തന്നെ കഴിവതും നിയമനം നല്കുന്നതിന് പരാമർശം ( 8) പ്രകാരം വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവായിരുന്നു.

4. എന്നാൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിയമനാനുമതി ലഭിച്ചിട്ടും 31.12.2025-ന് മുൻപ് മതിയായ ഒഴിവുകൾ ലഭ്യമല്ലാത്തതിനാൽ നിയമനം നല്കാൻ ശേഷിക്കുന്നവരുടെ പട്ടിക കൃഷി ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളതായും , പ്രസ്തുത പട്ടികയിൽ കുമാരി. അദിതി രമ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടിയാളുടെ പ്രൊഫോർമ ബി കൂടി ലഭ്യമാക്കിയാൽ മാത്രമേ അഗ്രിക്കൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് നിയമന ശിപാർശ നൽകുവാൻ സാധിക്കുകയുള്ളുവെന്നും ആയതിനാൽ കുമാരി. അദിതി രമയുടെ പ്രൊഫോർമ ലഭ്യമാക്കണമെന്നും പരാമർശം (9) പ്രകാരം പൊതു ഭരണ വകുപ്പിൽ നിന്നും അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുമാരി അദിതി രമയുടെ കൃഷി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊഫോർമ പരാമർശം (10) പ്രകാരം പൊതു ഭരണ (സർവീസസ് -ഡി) വകുപ്പിന് ലഭ്യമാക്കുകയും ചെയ്തു.

5. തുടർന്ന് ആശ്രിത നിയമന പദ്ധതി പ്രകാരം അഗ്രീക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് നിയമനം നല്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള 5 ഒഴിവുകളിൽ ഒന്നിൽ നിയമനം നല്കുന്നതിന് പരാമർശം ( 11) പ്രകാരം പൊതു ഭരണ (സർവീസസ് -ഡി) വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്.

6 . മേൽ സാഹചര്യത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഇടുക്കി ജില്ലയിൽ കാമാക്ഷി കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 22.07.2012 -ൽ നിര്യാതയായ ശ്രീമതി.എൻ.ഓമനയുടെ മകളായ കുമാരി അദിതി രമയ്ക്ക് ആശ്രിത നിയമനം നല്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർക്ക് അനുമതി നല്കിക്കൊണ്ട് പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ടിയാൾക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം അഗ്രിക്കൾച്ചർ

അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതിനും ടിയാൾ തിരഞ്ഞെടുത്തിരിക്കുന്ന ഇടുക്കി ജില്ലയിൽ നിയമനം ലഭിക്കാത്ത പക്ഷം ഇടുക്കി ജില്ലയിൽ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് (പ്രസ്തുത ജില്ല ഓപ്ഷനായി നല്കിയ മറ്റ് സീനിയർ അപേക്ഷകർ ഇല്ലാത്ത പക്ഷം ഉടൻ തന്നെയും , ഉണ്ടെങ്കിൽ സീനിയോരിറ്റി ക്രമമനുസരിച്ചും പരാമർശം ( 7)ലെ ഖണ്ഡിക XVIII (2) പ്രകാരം സീനിയോരിറ്റി നിലനിർത്തിക്കൊണ്ട് സ്ഥലംമാറ്റം അനുവദിക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർക്ക് അനുമതി നല്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. കുമാരി അദിതി രമയുടെ വിദ്യാഭ്യാസ യോഗ്യത , ശാരീരിക ആരോഗ്യക്ഷമത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും രേഖകളുടെയും വിശ്വാസ്യത ഉറപ്പു വരുത്തി, അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ നിയമന ഉത്തരവ് നല്കേണ്ടതാണ്. പരാമർശം (5) ഉത്തരവിലെ ഖണ്ഡിക (X) പ്രകാരമുള്ള സമ്മതപത്രം അപേക്ഷകയിൽ നിന്നും ലഭ്യമാക്കി നിയമനാധികാരി സൂക്ഷിക്കേണ്ടതും ആവശ്യമായി വരുന്ന പക്ഷം , തദനുസൃതമായുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാമർശം (6 ) ഉത്തരവ് പ്രകാരമുള്ള ആശ്രിത സംരക്ഷണ സമ്മത മൊഴി കൂടി നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതും , നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി ടിയാളുടെ സ്വഭാവവും മുൻനടപ്പും പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

8. കുമാരി അദിതി രമയുടെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ നിര്യാതയായ ജീവനക്കാരിയുടെ സേവനപുസ്തകത്തിലും ടിയാൾ അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിലോ , നിയമനത്തിനോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ അപേക്ഷക തെറ്റായി വിവരം ധരിപ്പിക്കുകയോ , എന്തെങ്കിലും വിവരങ്ങൾ മറച്ചുവയ്ക്കുകയോ ചെയ്തു എന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം
കുമാരി അദിതി രമ, ആനയ്ക്കനാട്ട് ഹൗസ്, ഇടുക്കി കോളനി പി.ഒ, ചെറുതോണി, ഇടുക്കി
ജില്ലാ കളക്ടർ, .ഇടുക്കി
പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഇടുക്കി
പൊതുഭരണ (സർവീസസ് -ഡി) വകുപ്പ്
ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Rahila Beevi A
Date: 05-10-2026
10:12:15
സെക്ഷൻ ഓഫീസർ